വഴി സാദ്ധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2 ലക്ഷം രൂപവരെയും സംഭരിക്കുന്ന തൊണ്ടിന് സബ്സിഡിയും ഈ പദ്ധതി പ്രകാരം നൽകിവരുന്നു.

**കയർ വകുപ്പിന്റെ പദ്ധതി**

162 (3594) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പുമായി ബന്ധപ്പെട്ട് 6 പഞ്ചായത്തുകളിലായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 47000 ചതുരശ്രമീറ്റർ കയർ ഭൂവസ്ത്രം വിതാനം ചെയ്യുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**ചകിരിയുടെ ലഭ്യത**

163 (3595) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആലപ്പുഴ ജില്ലയിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും സൊസൈറ്റികളിലും അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുന്നതിന് കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ കയർഫെഡിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയത് പ്രകാരം കയർഫെഡിൽ അംഗത്വം എടുത്തിട്ടുള്ള കയർപിരി, ചെറുകിട ഉൽപ്പാദക സൊസൈറ്റികൾ എന്നിവയുടെ ആവശ്യപ്രകാരം കേരളത്തിനകത്തെ ചകിരി മില്ലുകളിൽ നിന്നും ഇ-ടെണ്ടർ വഴി എംപാനൽ ചെയ്തിട്ടുള്ള സപ്ലൈയർമാരിൽ നിന്നും കേരളത്തിന് പുറത്തുനിന്നുള്ള ചകിരിയും വാങ്ങി വിതരണം ചെയ്യുന്നതിന് കയർഫെഡ് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly